**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4101** **03-03-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന വിവരം വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിലുള്ള കൃത്യത ഉറപ്പ് വരുത്തുന്നതിനും എൻ.എഫ്.എസ്.എ ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള സ്റ്റോക്ക് കൈമാറ്റം സാധ്യമാകുന്നതിനും www.scm.kerala.gov.in എന്ന ഒരു വെബ് പോർട്ടൽ രൂപീകരിക്കുകയും ആയതു വഴി റേഷൻ വിതരണം സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. 2018 മെയ് മാസം മുതൽ പ്രസ്തുത പോർട്ടൽ മുഖേന വിതരണം നടന്നു വരുന്നു. ഓരോ എൻ.എഫ്.എസ്.എ ഡിപ്പോയിലെയും നിലവിലെ സ്റ്റോക്ക് പ്രസ്തുത പോർട്ടലിലെ ഹോം പേജിൽ (ലോഗിൻ ചെയ്യാതെ തന്നെ) കാണുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. അരി, ഗോതമ്പ്, പഞ്ചസാര, ആട്ട എന്നീ ഓരോ ഇനങ്ങളിലേയും സ്റ്റോക്ക് വേർതിരിച്ച് അറിയുന്നതിനുള്ള സൗകര്യം ഹോം പേജിൽ ലഭ്യമാണ്. ഓരോ എൻ.എഫ്.എസ്.എ ഡിപ്പോകളിൽ നിന്നും റേഷൻ കടകൾക്കു വിതരണം ചെയ്യുന്ന സ്റ്റോക്ക് വെബ് പോർട്ടലിൽ ലൈവ് അപ്ഡേഷൻ നടക്കുകയും അതതു എൻ.എഫ്.എസ്.എ ഡിപ്പോകളുടെ സ്റ്റോക്കിൽ നിന്നും കുറവ് വരുകയും ചെയ്യുന്നു. അതതു എൻ.എഫ്.എസ്.എ ഡിപ്പോകൾക്കു അനുവദിച്ചിട്ടുള്ള പ്രത്യേകം ലോഗിനുകൾ വഴി എൻ.എഫ്.എസ്.എ ഡിപ്പോകളിൽ ഉദ്യോഗസ്ഥർക്ക് പരിശോധന നടത്തുന്നതിനും സ്റ്റോക്ക് കറക്ഷൻ വരുത്തുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ